✠

കർമ്മല കുസുമം

മാസംതോറും പ്രസിദ്ധപ്പെടുത്തുന്നതു്.

പുസ്തകം ൪. | ഫർനാ ഒക്ടോബർ | ലക്കം ൧൦.

The Flower of Carmel



"A catholic newspaper in a parish is a perpetual mission" (Pope Leo XIII)

St. Joseph's Convent Press

MANNANAM.

1903.

തിരുഹൃദയ ഭക്തന്മാർ

മൻമ. തുലാമാസത്തിൽ വെക്കേണ്ട പൊതുക്കുരുതൽ

"ബാല പരിരക്ഷണം,,

വി വ രണം.

ഒരു സമുദായത്തിലെ ബാല ഗണത്തിന്റെ സ്ഥിതി എപ്രകാര മോ ആ സമുദായത്തിന്റെ ഭവിഷ്യസ്ഥിതിയും അപ്രകാരമാണ്. അ തെന്തേ! തൽക്കാലം സമുദായത്തിൽ ബാല്യ പ്രായക്കാരായിരിക്കു ന്നവരത്രെ പിന്നീട് അതിന്റെ നായകന്മാരായി വരുവാനിരിക്കു ന്നത്. ഇവർ നല്ലവരായിരുന്നാൽ, സമുദായ സ്ഥതിയും നന്നായി രിക്കും; വഷളായാൽ, സമുദായവും വഷളാകും. ആകയാൽ തിരു ഹൃദയ ഭക്തിക്കാർ കുട്ടികളുടെ നല്ല വളത്തിപ്പിന്നായി ശ്രമിക്കയും അപേക്ഷിക്കയും വേണം.

സംഗതിവിവരം.

I	വേദ പുസ്തക പ്രചാരം.
II	സുവിശേഷ വിവരണം.
III	പരിശുദ്ധ ത്രീത്വത്തെക്കുറിച്ചു.
IV	ഉത്തരീയ മഹത്വം.
V	കൊന്തമാതാവിൻ തിരുനാൾ.
VI	അടിയന്തരം എങ്ങിനെയാണ് മാപ്പിളപ്പാ അയത്.
VII	ക്രമപ്രകാരം ലെയോൻ മാപ്പിളയും അമ്മേനിയക്കാരും.

പത്രവരി വിരം.

ആണ്ടു തപാൽക്കൂലി ഉൾപ്പെട ബ്രിട്ടീഷ് രൂപാ മ.

യാതൊരുത്തൻ ൪ പേരെ പത്രവരിക്കാരായി ചേർത്തു പേരു അയക്കുകയും സ്വന്തമേൽവിലാസത്തിൽ പത്രങ്ങളെല്ലാം ഒന്നായി ഏറ്റു വാങ്ങിച്ചു കൊടുക്കുകയും പത്രവരി പിരിച്ചു ഒന്നാകെ അട യ്ക്കുകയും ചെയ്യുന്നതായാൽ അയാൾക്കു ൯-ാമത്തെ ഒരു പത്രം സൌജന്യമായി കൊടുക്കപ്പെടുന്നതാണ് എഴുത്തുകുത്തുകൾ താഴെ വരുന്ന മേൽവിലാസത്തിൽ നടത്തേണ്ടതാണ്.

മേൽവിലാസം.

"കമ്മല കുസുമം,, മാനേജർ

കോട്ടയംവഴി. മലയാളം.

പുസ്തകം ക.) ഫർമൂ ഒക്ടോബർ (ലക്കം വ.

I വേദപുസ്തകപ്രചാരം.

കത്തോലിക്കതിരുസ്സഭ വേദപുസ്തകപ്രചാരത്തിനു തടവുചെയ്യുന്നുഎന്നുപ്രൊട്ടസ്റ്റാൻറുകാർപറഞ്ഞുവരുന്നു. ഒരുംഅടിസ്ഥാനമില്ലാത്ത പരാതിയെ ഫ്രഞ്ചുസ്-ൽ ഇംഗ്ലീഷ്കാരായ കത്തോലിക്കമെത്രാന്മാർ ഒഫിഷ്യലായി നിഷേധിക്കയും, വേദപുസ്തകത്തിൻെറ ചൊവ്വുള്ള പ്രതി ജനങ്ങളുടെ ഇടയിൽ നടപ്പാക്കുന്നതിനു തിരുസ്സഭയാതൊരു തടസ്സം ഒരിക്കലും ചെയ്തിട്ടില്ലെന്നു പരസ്യമായി വാദിക്കയും ചെയ്തിട്ടുള്ളതാണു്. എന്നു മാത്രമല്ല. ഫ്രാംപീയൂസു മാപ്പാപ്പാ ഫ്രഞ്ചുനാട്ടിൽ ഫ്രഞ്ച്-ഇംഗ്ലീഷ്കാരായ കത്തോലിക്കമെത്രാന്മാർക്കയച്ച തിരുവെഴുത്തിൽ വിശ്വാസികളെ വേദപുസ്തകവായനയിലുത്സാഹിപ്പിക്കേണമെന്നും, അവരെ ആശ്വസിപ്പിക്കുന്നതിനും സ്ഥിരപ്പെടുത്തുന്നതിനും ഒരും വായന ഏറ്റവും പ്രയോജനമുള്ളതും ശക്തിയുള്ളതും ആകുന്നുഎന്നും പ്രസ്താവിച്ചിരിക്കുന്നു. അപ്രകാരം തന്നെ ഫ്രാംപീയൂസു മാപ്പാപ്പാ ഫ്രഞ്ചെ-ൽ ഇത്താല്യായിൽ ഫിരേൻസാ പട്ടണത്തിൻെറ മെത്രാനായ നി. വ. ദി. ശ്രീ. മൊൻസിഞ്ഞോർ മത്തീനി അവർകൾക്കു എഴുതിയ തിരുവെഴുത്തിൽ, ജനങ്ങളുടെ ഇടയിൽ വേദപുസ്തക വായന സുലഭമാക്കുന്നതിനുവേണ്ടി അദ്ദേഹം പുതുതായി ഉണ്ടാക്കിയ തർജ്ജിമയെ പ്രത്യേകം പ്രശംസിക്കയും ഇതിനെ വായിക്കുന്നതിനു വിശ്വാസികളോടു ഉപദേശിക്കയും ചെയ്തിരിക്കുന്നു. ഒരും തിരുവെഴുത്തിൻെറ പകർപ്പു ഇംഗ്ലീഷിലുള്ള കത്തോലിക്കവേദപുസ്തകത്തിൻെറ അദ്യപുറത്തു കാണാവുന്നതുമാണു.

വേദപുസ്തകസമൂഹക്കാർ, എന്നു വേണ്ടാ പ്രൊട്ടസ്റ്റാണ്ടു മതം തന്നെ ഉത്ഭവിക്കുന്നതിനു വളരെക്കാലം മുമ്പെ, യൂറോപ്പിലെ നാട്ടുഭാഷകളിൽ ഇരുപതിലധികം തർജ്ജമകൾ കത്തോലിക്കതിരുസ്സഭയുടെ നടത്തലിൽ കീഴുണ്ടാകയും ജനങ്ങളുടെ ഇടയിൽ പ്രചാരമാകയും ചെയ്തിട്ടുണ്ടു. ചിലതിനെ ഇവിടെ എണ്ണുന്നു. ഫ്രഞ്ചെ-ൽ മഗൊൻസാപട്ടണത്തിൽ (Just) ജസ്റ്റ് എന്ന ദേഹത്തിൻെറ തർജ്ജിമ പ്രചരിച്ചുതുടങ്ങി. ഫ്രഞ്ചെ-ൽ ഔഗ്രുസ്താ (Augusta) പട്ടണത്തിൽ ബെണ്ടർ (Bender) എന്നദേഹത്തിൻെറ തർജ്ജിമ പ്രചരിച്ചുതുടങ്ങി. ഫ്രഞ്ചെ-ൽ (Malermi) മലേർമിയുടെ ഇത്താലിയാപ്രതിയും ഫ്രഞ്ചെ-ൽ ബെൽജ്യഭാഷയിൽ സുവിശേഷങ്ങൾ നാലും ഫ്രഞ്ചെ-ൽ ടി. ഭാഷയിൽ വേദപുസ്തകം മുഴുവ

ന്നും നടപ്പായി. അപ്രകാരം തന്നെ ൧൪൭൨-ൽ ജൂലിയൻ പ്രസിദ്ധപ്പെടുത്തിയ പ്രതിയും ൧൪൭൨-ൽ ഇസ്പാഞ്ഞാഭാഷയിൽ (Ferrier) ഫെറിയേർ പ്രതിയും, ൧൪൮൨-ൽ (Gouda) ഗ്രദപ്രതിയും നടപ്പായി. ൧൪൮൦-ൽ പ്രഞ്ചുഭാഷയിൽ പ്രസിദ്ധപ്പെടുത്തപ്പെട്ട (Des moulins) ദെമൂളിൻ പ്രതിയും ബാലസൊബർ ചരിത്രക്കാരൻ തന്റെ ചരിത്രത്തിൽ എടുത്തുകാണിക്കുന്നവയും ൧൫൨൨-നു മുമ്പു പ്രസിദ്ധീകരിക്കപ്പെട്ടവയുമായ വേറെ നാലു പ്രതികളും ഉണ്ടായിരുന്നു. — ഇതുവരെയും പറയപ്പെട്ടതെല്ലാം പ്രൊട്ടസ്റ്റാണ്ടു മതം ഉണ്ടാകുന്നതിനുമുമ്പു കത്തോലിക്കർ നാട്ടുഭാഷകളിൽ തർജ്ജമചെയ്തു അച്ചടിച്ച വേദപുസ്തകപ്രതികളെ സംബന്ധിച്ചാകുന്നു. അച്ചടിസൂത്രം കണ്ടെത്തിയ ഉടനെ വേദപുസ്തകമാണു പലയിടങ്ങളിലും ആദ്യമായി അച്ചടിച്ചതു. ഇത്താല്യായിൽ സുബിയാക്കൊ ആശ്രമത്തിൽ ബനദീക്തൊസ് സഭക്കാരാണു നാമതു അച്ചടി തുടങ്ങിയതു. ആദ്യമായി അച്ചടിച്ച വേദപുസ്തകം ഇന്നും ആ ആശ്രമത്തിൽ കാക്കപ്പെട്ടിരിക്കുന്നു. പതിനഞ്ചാം ശതകത്തിന്റെ അവസാനത്തിൽ പ്രാൻസു രാജ്യത്തിൽ തന്നെ (നൂ.൮) മുപ്പത്തുനാലുപട്ടണങ്ങളിൽ അച്ചടിനടപ്പുണ്ടായിരുന്നു.

വിശേഷിച്ചും അച്ചടി കണ്ടെത്തുന്നതിനുമുമ്പു കയ്യെഴുത്തായ പല കത്തോലിക്കു തർജ്ജമകൾ നാട്ടുഭാഷകളിൽ നടപ്പായിരുന്നു. ൧൪൦൦-ൽ ഇംഗ്ലീഷിലും ൧൩൦൦-ൽ ആംഗ്ലൊസാക്സൻ ഭാഷയിലും ൧൩൦൦-ൽ ജർമ്മൻ ഭാഷയിലും, ൧൪൩൦-ൽ ഇത്താല്യാഭാഷയിലും, ൧൪൭൦-ൽ ഇസ്പാഞ്ഞാ ഭാഷയിലും, ൧൪൯൨-ൽ പ്രഞ്ചിലും കയ്യെഴുത്തു പ്രതികൾ ധാരാളം നടപ്പുണ്ടായിരുന്നു. അപ്പൊൾ വേദപുസ്തകപ്രചാരത്തിനു കത്തോലിക്കു തിരുസ്സഭ ഒരിക്കലും വിരോധിച്ചിട്ടില്ല, സഹായിച്ചിട്ടെയുള്ളു. പ്രൊട്ടസ്റ്റാൻറുകാർ പിൻകാലങ്ങളിൽ സ്വന്തതർജ്ജമകൾക്കു അടിസ്ഥാനമായി പലഭാഷകളിലും ഉപയോഗിച്ചിട്ടുള്ളതു കത്തോലിക്കരുടെ പൂർവ്വതർജ്ജമകളെതന്നെയാണു. അച്ചടിസൂത്രവും പല ഭാഷകളിൽ തർജ്ജമകളും നടപ്പായിരിക്കുന്ന ഒരു കാലത്തു തന്നെയും പ്രൊട്ടസ്റ്റാൻറുകാർ അറബിദേശങ്ങളിലും മറ്റും വേദപുസ്തക പ്രചാരത്തിനു റോമായിൽ പ്രൊപ്പഗാന്ത തിരുസംഘത്തിൽനിന്നും അച്ചടിച്ചിട്ടുള്ള കത്തോലിക്കാവേദപുസ്തകം ഉപയോഗിക്കുന്നുണ്ടു. ഈ ഭാഷയിൽ വേദപുസ്തകസമ്മാനക്കാർ വേദപുസ്തകം തർജ്ജിമ ചെയ്തിട്ടില്ലപോൽ.

എന്നാൽ ലൂത്തേരിന്റെ കാലത്തിനു മുമ്പു ജർമ്മൻ ഭാഷയിൽ വേദപുസ്തകം ഇല്ലായിരുന്നുവെന്നു പല പ്രൊട്ടസ്റ്റാൻറു ചരിത്രക്കാർ എഴുതിവച്ചിട്ടുണ്ടു. എന്നാൽ ഇതു മഹാ അബദ്ധമാണു. എന്തെന്നാൽ ലൂത്തേരിന്റെ കാലത്തിനുമുമ്പു ജർമ്മൻ ഭാഷയിൽ ൨൫ വേദപുസ്തകതർജ്ജമകൾ ഉണ്ടായിരുന്നു. ഇവയിൽ ൧൭ (Hochdeutsch) "ഹൊക്ക് ഡെക്ഷ്" എന്ന ഉയർന്ന ജർമ്മൻ ഭാഷയിലും ശേഷം നു (Niedersaechsisch) "നീഡെർ സെഹിഷിസ്" എന്ന താഴ്ന്നസാക്സൻ ഭാഷയിലും ആയിരുന്നു. എന്നു തന്നെ അല്ല ലൂത്തർ ത

ന്റെ തർജ്ജമയ്ക്കു മാതൃകയായി ഉപയോഗിച്ചതു "ലീരാ" (Lyra) എന്നയാളുടെ തർജ്ജമയാണു. ഇതു ഫ്രഞ്ചു-ൽ പുറപ്പെട്ടകയും പ്രൊട്ടസ്റ്റാൻറു് നവീകരണം ഉണ്ടാകുന്നതിനു മുമ്പു പല പ്രാവശ്യം അച്ചടിക്കപ്പെട്ടകയും ചെയ്തു. ലൂത്തെരു "ലീരാ"യുടെ തർജ്ജമയെ അടിസ്ഥാനമാക്കിയതുകൊണ്ടു ഒരു കീർത്തിപെട്ട കവി താഴെവരുന്ന ലത്തീൻ ശ്ലോകം എഴുതുകയും അതു പഴമൊഴിപോലെ നടപ്പാകയും ചെയ്തു.- Si Lyra non lyrasset Lutherus non Saltasset അതായതു: "ലീരാ വെലചെയ്തിട്ടില്ലായിരുന്നെങ്കിൽ, ലൂത്തെർ ആടുചാടുകയില്ലായിരുന്നു."

മേൽപ്രസ്താവിച്ചിട്ടുള്ളവയിൽ നിന്നു തെളിവായിരിക്കുന്നതുപോലെ കത്തോലിക്കാതിരുസ്സഭ ജനങ്ങളുടെ ഇടയിൽ വേദപുസ്തക പ്രചാരത്തിനു, പ്രൊട്ടസ്റ്റാൻറു് മതം ഉത്ഭവിക്കുന്നതിനു വളരെ മുമ്പു തൊട്ടു തന്നെ ശ്രമിച്ചുവരുന്നതാണു്. ആകയാൽ പ്രൊട്ടസ്റ്റാൻറു് സഹോദരന്മാർ സത്യമറിയാതേയും ചരിത്ര ഗവേഷണംചെയ്യാതെയും തിരുസ്സഭയെ ദുഷിക്കുന്നതുനിന്ദ്യമാണു. എതിർസ്വഭാവമായി ഇവർ എടുത്തുകാണിക്കുന്ന ചിലകല്പനകളും തിരുവെഴുത്തുമുണ്ടു. (Bombay Catholic Examiner) ബൊമ്പെകാത്തോലിക്കു് എക്സ്സാമിനെർ മുതലായ കത്തോലിക്കു് പത്രങ്ങൾ പ്രസ്താവിച്ചിട്ടുള്ളതുപോലെ, അവയിൽ ചിലതു പതിത നിർമ്മിതങ്ങളാണു്. ശേഷമുള്ളവ ചൊവ്വുള്ള വേദപുസ്തകത്തിന്റെ പ്രചാരത്തെ സംബന്ധിച്ച മുടക്കുകൾ അല്ല; വഷളാക്കപ്പെട്ട പതിത പ്രതികളേയും പരിശുദ്ധപിതാക്കന്മാരുടെ വ്യാഖ്യാനം ക്രൂടമെയുള്ള നാട്ടുഭാഷാതർജ്ജമകളേയും മാത്രം സംബന്ധിച്ചവയാണു്. ആകയാൽ അവയൊന്നും, നമ്മുടെ വിവാദക്കാരുടെ അടിസ്ഥാനമില്ലാത്ത പരാതിക്കു് അനുകൂലമാകുന്നതല്ല.

൨൨.൨.൧൯

II സുവിശേഷ വിവരണം.

ഞായറാഴ്ച അതികാലമേമറിയമദ്ദലേത്താ മുതലായ ഏതാനും സ്ത്രീ ജനങ്ങൾ സുഗന്ധ വർഗ്ഗങ്ങളൊടുകൂടെ കല്ലറയിൻ പക്കൽ വന്നപ്പോൾ, വെള്ളവസ്ത്രം ധരിച്ചിരുന്ന ഒരു യുവാവിനെ കണ്ടു ഭയന്നു. അയാൾ അവരോടു, നിങ്ങൾ ഭയപ്പെടേണ്ടാ കുരിശിമേൽ തൂങ്ങിയ നസ്രായക്കാരനീശോയെ നിങ്ങൾ അന്വേഷിക്കുന്നു. താൻ ഉയർത്തു. തന്റെ ശിഷ്യരോടും പത്രോസിനോടും പോയി അറിയിപ്പിൻ എന്നു പറഞ്ഞു. മർക്കോസു. ൧൬-൬ അ.

നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനവും നമ്മുടെ ശരണത്തിന്റേയും സന്തോഷത്തിന്റേയും കാരണവും ആയിരിക്കുന്ന നമ്മുടെ ദിവ്യരക്ഷിതാവിന്റെ ഉയർപ്പിൻ പരമരഹസ്യത്തിൽ നിന്നു ന

മുക്ക ജ്ഞാനപ്രയോജനം സിദ്ധിക്കുന്നതിനും ഒരിക്കൽ ഒരം ഔന്ന
ത്യ ഭാഗ്യത്തിനു നാമും യോഗ്യ ഓഹരിക്കാരാകുന്നതിനുംവേണ്ടി ഒരം
പരമ രഹസ്യത്തിന്മേൽ അല്പം ചിന്തിക്ക. നമ്മുടെ ദിവ്യരക്ഷകൻ
ദുഃഖവെള്ളിയാഴ്ച ഉച്ചതിരിഞ്ഞു മൂന്നു മണിക്കു കുരിശിന്മേൽ അ
ന്ത്യശ്വാസം വിട്ടയുടനെ തന്റെ തിരുവാത്മാവു പാതാളങ്ങളിൽ
ഇറങ്ങി അവിടെ ഉണ്ടായിരുന്ന നമ്മുടെ ആദിമാതാപിതാക്കന്മാർ,
ബാവാന്മാർ, ദീഘ്ദർശികളാദിയായി അനുവരേയും മരിച്ചിട്ടുള്ള
നീതിമാന്മാക്ക തന്റെ ആത്മിക മഹത്വത്തേയും ദൈവിക പ്രതാ
പത്തേയും പ്രത്യക്ഷമായി കാണിച്ചുകൊണ്ടു, ഉപമയില്ലാത്ത ഭാഗ്യ
ത്താൽ അവരെ ആനന്ദ മഗ്നരാക്കുകയും, തന്റെ പ്രഭാകര സാന്നി
ധ്യത്താൽ അവരുടെ കരോഗ്രഹനിവാസത്തെ പർദീസായിക്കു തു
ല്യമാക്കുകയും ചെയ്തശേഷം, മരിച്ചിട്ടു മൂന്നാം ദിവസമായ ഞായറാ
ഴ്ച ഉഷസ്സിങ്കൽ ആ വിശുദ്ധ ആത്മാക്കളുടെ പരിചാരക വൃന്ദത്താൽ
ചൂഴന്നു് അവിടെനിന്നും പുറപ്പെട്ടു, തിരുക്കല്ലറയിൽ പക്കൽ വന്നു
അവരെപ്രതിയും സകല മാനുഷരെ പ്രതിയും സഹിച്ച നാനാ
വിധ കഷ്ടാനുഭവങ്ങളാൽ, വിരൂപമായും, രക്തമയമായും സർവ്വാം
ഗം ഏക കായമായും കിടന്നിരുന്ന തന്റെ തിരുമേനിയെ അവക്ക
കാണിച്ചു കൊടുത്തു. അനന്തരം തന്റെ പങ്കപ്പാടിൽ ചിന്തിയ
തിരുരക്തത്തേയും ചിതറിയ പരിശുദ്ധ മാംസ കഷണങ്ങളേയും മ
റ്റും മാലാഖാമാർ മൂലം ക്ഷണേന ശേഖരിച്ചു, തിരുശരീരത്തിൽ
ക്കൂട്ടിയശേഷം പരിശുദ്ധാത്മാവു അതിൽ പ്രവേശിച്ചുടൻ സൂര്യോ
ദയത്തിങ്കൽ അന്ധകാരം മാറിപ്പോകുന്നപോലെ, ആ തിരുശരീര
ത്തിന്റെ സകല മാലിന്യങ്ങളും കറകളും ഊനങ്ങളും അശേഷം
നീങ്ങുകയും, ആദിത്യ രശ്മികൾ സ്ഫടികത്തിനുള്ളിൽക്കൂടി അതിശോ
ഭയായി പ്രകാശിക്കുന്നപോലെ ആ പരമാത്മാവിന്റെ ജ്യോതിഷ
പ്രഭ ശരീരത്തിന്റെ എല്ലാ ഭാഗത്തുനിന്നും വിശിഷ്യ തന്റെ അ
ഞ്ചു തിരുമുറിവുകളിൽ നിന്നും ഏറ്റവും മനോഹരമാംവണ്ണം വീശു
കയും അക്ഷയം, ദീപ്തി, ലാഘവത്വം, സൂക്ഷ്മം എന്നീ നാലു സ്വഭാവീയ
വരങ്ങൾ പ്രാപിക്കയും ചെയ്തു. ഇങ്ങനെ തന്റെ ശിഷ്യരോടും മ
റ്റു ജനങ്ങളോടും പലപ്പോഴും മുൻകൂട്ടി പ്രസ്താവിച്ച പ്രകാരം, മൂ
ന്നാം ദിവസം അതികാലത്തു മഹാ ജയശാലിയും നീതിസൂര്യനുമാ
യി ഉയർത്തെഴുന്നീൽക്കയും തന്റെ സ്തുതിയുടേയും മഹത്വത്തിന്റേ
യും ഓഹരിക്കാരും സാക്ഷികളുമായി, എബ്രാഹം, ഇസഹാക്ക, യാ
ക്കോബ്, മൂശാ, ദാവീദ, മുതലായ പൂർവ്വപിതാക്കളിൽ പലരേയും
തൽക്ഷണം ഉയിർപ്പിക്കയും ചെയ്തു. എന്നാൽ തന്റെ തിരുശരീര
ത്തിനു സിദ്ധിച്ച സൂക്ഷ്മം എന്ന വരത്താൽ, കവറിടത്തിന്റെ മൂടി
ക്കല്ലിനെ മാറ്റാതെ, അത്ഭുതമായിട്ടത്രെ പുറപ്പെട്ടതു. അപ്പോൾ
തന്റെ ജയഘോഷത്തെ അറിയിക്കുന്നതിനായി ഈ സുവിശേ
ഷത്തിൽനിന്നും വായിക്കുന്നു. മത്തായിയുടെ സുവിശേഷത്തിൽനിന്നും സ്പഷ്ട
മാകുന്നപോലെ മുഖം മിന്നൽപോലെ പ്രകാശമുള്ളതും വസ്ത്രം മ
ഞ്ഞുപോലെ വെണ്മയുള്ളതും യൌവ്വന പ്രായം തോന്നിക്കുന്നതുമാ

യ ഒരു മാലാഖാ സ്വർഗ്ഗത്തിൽ നിന്നിറങ്ങി കവറിൻ കല്ലിനെ മാറ്റുകയും മഹാ വലിയ ഭൂകമ്പം ഉണ്ടാക്കുകയും ഉയർപ്പിൻ വിശേഷത്തെ മറിയം മഗ്ദലെത്താ മുതലായ സ്ത്രീജനങ്ങളോടറിയിക്കയും ചെയ്തു. അനന്തരം നമ്മുടെ ദിവ്യ രക്ഷിതാവു വിശുദ്ധ പിതാക്കളുടെ പൊതു അഭിപ്രായ പ്രകാരം പരിവാര സമേതം ഒന്നാമതായി തന്റെ ദിവ്യമാതാവിനും പിന്നീട മറിയം മഗ്ദലെത്തായ്ക്കും മറ്റുള്ളവർക്കും പ്രത്യക്ഷദർശനംകൊടുക്കയുംചെയ്തു. (Corneli a Lapide. Comment in Math. Cap, 28)വിശു. പൌലൊസു ശ്ലീഹാആജ്ഞാപിക്കും പ്രകാരം, സന്തോഷിക്കുന്നവരോടുകൂടെ സന്തോഷിക്കുവാൻനമുക്കു ന്യായമുണ്ടെങ്കിൽ നമ്മുടെ രാജാവും ഗുരുവും പിതാവുംസഹോദരനുമായിരിക്കുന്ന നമ്മുടെ ഈ ദിവ്യരക്ഷകന്റെ ജയാഘോഷ സന്തോഷത്തിൽ നാമും എത്രയോ സന്തോഷിക്കേണ്ടിയിരിക്കുന്നു. എന്നു തന്നെയല്ല ഒരു ഭാഗ്യം നമുക്കുംദൈവാനുഗ്രഹത്താൽസിദ്ധിപ്പാനിരിക്കുന്നു എന്നു പൂർണ്ണമായി വിശ്വസിക്കയും ശരണപ്പെടുകയും ചെയ്യുന്നതിനാൽ നമ്മുടെ സന്തോഷം അത്യധികമായി വർദ്ധിക്കയും ചെയ്യുന്നു. ഇതിനാൽ യോബ് നിർവ്യാ ഖ്യാ ൻ — അ. ൻ — ചൊല്ലുന്നതായത്. "എന്റെ രക്ഷിതാവു മരിച്ചവരിൽനിന്നുയർത്തു ജീവിക്കുന്നു എന്നും ആകയാൽ ഞാൻ ഒടുക്കത്തെ ദിവസംഭൂമിയിൽനിന്നു ഉയർക്കുമെന്നും ഞാനറിയുന്നു: എന്റെ ഒരു ശരണം എന്റെ ഹൃദയത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കയും ചെയ്യുന്നു. " എന്നാൽ നമ്മുടെ ഒരു ശരണം പൂർത്തിയാകേണമെങ്കിൽ, പാപദുർഗ്ഗുണങ്ങളുടെ കവറിൽ നിന്നു ജ്ഞാനവിധത്തിൽ ഉയർത്തു പുണ്യമായി ജീവിക്കേണ്ടിയിരിക്കുന്നു. ഇതിനാൽ വി. പൌലൊസുശ്ലീഹാ റോമാ. ലേഖനം ൬—ാം അ. അരുളിച്ചെയ്യുന്നതായത്. "മിശിഹാ പിതാവിൻ മഹത്വത്താൽ മരിച്ചവരിൽ നിന്നുയർത്തുപോലെ, നാമും പുതുനായ ഒരു ജീവിതം കഴിക്കണം," മിശിഹാ മരിച്ചവരിൽ നിന്നുയർത്തിട്ടു വീണ്ടുമരിക്കുന്നില്ല... അപ്രകാരംതന്നെ നിങ്ങളും പാപത്തിനു മരിച്ചവരെന്നും ദൈവത്തിനു ജീവിക്കുന്നവരെന്നും നിങ്ങളെത്തന്നെ കരുതിക്കൊൾവിൻ. " എന്നാൽ മിശിഹായോടുകൂടെ അധിക മഹത്വവും സ്തുതിയും പ്രാപിക്കേണമെങ്കിൽ തന്നോടുകൂടെ അധികം പാടുപെടുവാൻ അവശ്യമായിരിക്കുന്നു. വി. ശ്ലീഹാ ടി. ലേഖനം ൨ാം അ. ൧൨—ാം വാക്യത്തിൽ അരുളിച്ചെയ്യുന്നതു കേട്ടുകൊൾക: "തന്നോട് (മിശിഹായോട്)കൂടെ നാം പാടുപെടുന്നെങ്കിൽ, തന്നോടുകൂടെ നാം മഹത്വപ്പെടുകയും ചെയ്യും." സാക്ഷാൽ പുണ്യവാന്മാരൊക്കെയും ഇതു പൂർണ്ണമായി വിശ്വസിച്ചിരുന്നതുകൊണ്ടത്രെ അവർ പാടുകളേയും നിന്ദാപമാനങ്ങളേയും ഞെരുക്കങ്ങളേയും രക്തസാക്ഷിത്വങ്ങളേയും ഇത്ര അത്യാശയോടെ അഗ്രഹിക്കയും സന്തോഷത്തോടെ അലിംഗനം ചെയ്കയും ചെയ്തതു. അതുകയാൽ നാമും മിശിഹായോടുകൂടെ എത്ര അധികം സ്തുതിയും മഹത്വവും അനുഭവിപ്പാൻ അഗ്രഹിക്കുന്നുവൊ, അത്രയും അധികം പാടുകളും സങ്കടങ്ങളും നിന്ദകളുംസഹിപ്പാൻശ്രമിക്കേണ്ടിയിരിക്കുന്നു.

III പരിശുദ്ധ ത്രീത്വത്തെക്കുറിച്ചു.

ദൈവം അപരിമിതനാകയാൽ അങ്ങേ ഗുണലക്ഷണങ്ങളും വിശിഷ്യ പരിശുദ്ധ ത്രീത്വത്തിന്റെ മഹാരഹസ്യവും (Mystery) നമ്മുടെ അല്പബുദ്ധികൊണ്ടു ഗ്രഹിച്ചടക്കുവാൻ പാടില്ലെങ്കിലും അവയെ ഒരുവിധത്തിൽ എങ്കിലും അറിവാൻവേണ്ടി വേദപുസ്തകത്തിന്റെയും വിശുദ്ധ പിതാക്കന്മാരുടെയും പഠനത്തിന്മേൽ ആശ്രയിച്ചുകൊണ്ടു അവയെക്കുറിച്ചു അല്പം പറവാൻ തുടങ്ങുന്നു.

ദൈവത്തിന്റെ ലക്ഷണങ്ങളിൽവച്ചു ഒന്നു അഖണ്ഡൻ (Simple) എന്നതാണു്. ഭാഗങ്ങൾ ഇല്ലാത്ത വസ്തു അഖണ്ഡമായ്തു എന്നു പറയപ്പെടുന്നു. ഭാഗങ്ങൾ ഉള്ളതു സമാസിതം (Composite) എന്നു വിളിക്കപ്പെടുന്നു. സമാസം (Composition) കുറയുന്തോറും ഒരു വസ്തുവിന്റെ ഗുണം (Perfection) കൂടിയിരിക്കും. സമാസം വസ്തുവിൽ അപൂർണ്ണതയെ കാണിക്കുന്നു. മനുഷ്യൻ ആത്മാവും ശരീരവും കൂടിയ ഒരു സമാസിത വസ്തുവാണു്. ലൌകിക വസ്തുക്കളിൽ ഏതു നോക്കിയാലും ജഡസംബന്ധമായ ഭാഗങ്ങൾ ഉണ്ടു. അരൂപികളായ ദൈവദൂതന്മാരിൽ മേല്പറയപ്പെട്ട ഭൌതീക സമാസം (Physical Composition) ഇല്ലാത്തതിനാൽ അവർ സകല ജഡവസ്തുക്കളെക്കാൾ ഉത്തമരാകുന്നു. എങ്കിലും അവരിൽ അതി ഭൌതിക സമാസം (Metaphysical Composition) ഉണ്ടു. ഇതു അവരിലുള്ള കാതലിന്റെയും (Essence) ഭാവം അഥവാ ഉള്ളായ്മയുടെയും (Existence) സമാസവും കാതലിന്റെയും ആഗന്തുകത്തിന്റെയും Accidence സമാസവും തന്നെയാണു. വിശേഷിച്ചു അവരുടെ ബുദ്ധി, മനസ്സു, ഓരം തത്വങ്ങളും ജ്ഞാനം സ്നേഹം ശക്തി മുതലായ ഗുണങ്ങളും അന്യോന്യം വ്യത്യാസമുള്ള (Distinct) വയാകുന്നു. എന്നാൽ ദൈവത്തിൽ ഭൌതികമായ്തോ അതിഭൌതികമായ്തോ ആയ യാതൊരു സമാസവും ഇല്ല. അങ്ങേ പക്കൽ ആഗന്തുകങ്ങൾ ഇല്ല. അങ്ങേ കാതലും ഭാവവും സകലഗുണലക്ഷണങ്ങളും അന്യോന്യം സാക്ഷാൽവ്യത്യാസമില്ലാത്തവയാണു ഇതിനാൽ ദൈവത്തിന്റെഭാവം അഥവാ ഉള്ളായ്മ അങ്ങേ കാതലാണു. അങ്ങേ അനുഗ്രഹം നീതിയെന്നും ജ്ഞാനം അങ്ങേഭാവമെന്നും കാതലെന്നും മറ്റും ശരിയായിട്ടു പറവാൻപാടുണ്ടു. ഇങ്ങനെ ദൈവത്തിൽഉള്ളഗുണങ്ങൾ സകലവും അങ്ങേഭാവംതന്നെയുംതമ്മിൽ സാക്ഷാൽ വ്യത്യാസമില്ലാത്തവയാകുന്നെങ്കിലും അല്പമായ മാനുഷിക ബുദ്ധിക്കു അനുസരണമായി ദൈവീക ഗുണലക്ഷണങ്ങൾ തമ്മിൽ വ്യത്യാസമുള്ളവയെന്ന വിധത്തിൽ അവയെക്കുറിച്ചു പറയുമാറാകുന്നു. എങ്കിലും സർവ്വനന്മസ്വരൂപിയായ ദൈവത്തിൽ അപൂർണ്ണതയെ പ്രദർശിപ്പിക്കുന്ന സമാസം യാതൊന്നും ഇല്ലാത്തതും ഉണ്ടാകുവാൻ പാടില്ലാത്തതും ആകുന്നു. എന്തുകൊണ്ടെന്നാൽ ഏതു വസ്തുവിലെങ്കിലും സമാസം ഉണ്ടായിരുന്നാൽ ആ സമാസത്തിനു (അ

ഥവാ ക്രൂട്ടിച്ചേപ്പിന്നു) ബാഹ്യമായ ഒരു കാരണം ഉണ്ടായിരിക്കേണം. സ്വയംഭൂവും പ്രഥമ കാരണവുമായ ദൈവത്തിന്നു കാരണം ഉണ്ടായിക്കൂടാ. അതുകൊണ്ടു ദൈവത്തിൽ യാതൊരുവക സമാസവും ഇല്ല. അങ്ങിന്നു കേവലം അഖണ്ഡനായിരിക്കുന്നു.

ദൈവം ഏകനാകുന്നു.. ദൈവത്തിൽ തമ്മിൽ വെവ്വേറെ ആയിരിക്കുന്ന മൂന്നാളുകൾ ഉണ്ടു്. ഒരുയാളുകൾ ബാവാ (പിതാവു) പുത്രൻ; റൂഹാദക്കുദശാ (പരിശുദ്ധാത്മാവു) എന്നു വിളിക്കപ്പെട്ടുന്നു. ബാവാ ദൈവം ആകുന്നു. പുത്രൻ ദൈവം ആകുന്നു. റൂഹാദക്കുദശാ ദൈവം ആകുന്നു. എങ്കിലും മൂവക്കും ഒരു കാതൽതന്നെ ഉള്ളതിനാൽ ഒരു ദൈവമെ ഉള്ളു. മൂവക്കും ശക്തിയും ജ്ഞാനവും മഹത്വവും സമമായിരിക്കുന്നു. ബാവാ നിത്യനായിരിക്കുന്നതുപോലെ പുത്രനും നിത്യൻ, റൂഹാദക്കുദശായും നിത്യൻ. പുത്രൻ ബാവായിൽ നിന്നു ജനിക്കുന്നു. മശ്ശീഹാ ൨. ൫. എബ്രാ ൧. ൫. "നീ എന്റെ പുത്രനാകുന്നു. ഞാൻ ഇന്നു നിന്നെ ജനിപ്പിച്ചു,, റൂഹാദക്കുദശാ ബാവായിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെടുന്നു. യൊഹ. ൧൫. ൨൬. എന്നാൽ ഞാൻ എന്റെ പിതാവിൽനിന്നു നിങ്ങൾക്കു അയപ്പാനിരിക്കുന്നവനായി പിതാവിൽ നിന്നു പുറപ്പെടുന്നവനായ സത്യാത്മാവെന്ന ആശ്വാസപ്രദൻ വരുമ്പോൾ അയാൾ എന്നെക്കുറിച്ചു സാക്ഷിപ്പെടുത്തും," മേൽ പ്രസ്താവിച്ച കാര്യങ്ങൾ നാം എല്ലാവരും വിശ്വസിക്കുന്ന വേദസത്യങ്ങളാണെങ്കിലും പ്രത്യേക അറിവിന്നായി റൂഹാദക്കുദശാ പുത്രനിൽ നിന്നു ക്രൂടെ പുറപ്പെടുന്നു എന്നുള്ള സത്യത്തെ വേദപുസ്തക സാക്ഷികളാലും പരിശുദ്ധ പിതാക്കന്മാരുടെ വാക്യങ്ങളാലും തെളിയിപ്പാൻ നിശ്ചയിച്ചിരിക്കുന്നു.

റൂഹാദക്കുദശാ പുത്രനിൽ നിന്നു പുറപ്പെടുന്നു.

വേദപുസ്തക സാക്ഷികൾകൊണ്ടുള്ള ദൃഷ്ടാന്തം.

൧. റൂഹാദക്കുദശാ പുത്രനിൽ നിന്നു കൈക്കൊള്ളുന്നുവെന്നു വേദപുസ്തകം പറയുന്നു. "എന്നാൽ സത്യാത്മാവു വരുമ്പോൾ, അയാൾ നിങ്ങളെ സത്യത്തിലൊക്കയും നടത്തും എന്തുകൊണ്ടെന്നാൽ അയാൾ തന്റെ സ്വന്തമായിട്ടു പറയാതെ താൻ ഏതുകാര്യങ്ങളെ കേൾക്കുന്നുവൊ അവയെ പറയും. വരുവാനുള്ള കാര്യങ്ങളെയും നിങ്ങളോടു അറിയിക്കും, അയാൾ എന്നെ മഹത്വപ്പെടുത്തും. എന്തുകൊണ്ടെന്നാൽ അയാൾ ഇനിക്കുള്ളതിൽ നിന്നു കൈക്കൊണ്ടു നിങ്ങൾക്കു അറിയിക്കും. യൊഹ. ൧൬. ൧൩. ൧൪. വച.

ܡܢ ܕܝܠܝ ܢܣܒ ഇനിക്കുള്ളതിൽ നിന്നു കൈക്കൊള്ളുന്നു. എന്നാൽ ദൈവീകാളുകളിൽ ഒരാൾ മറ്റാളിൽനിന്നു കൈക്കൊള്ളണമെങ്കിൽ അയാളിൽ നിന്നു പുറപ്പെടുകൊണ്ടല്ലാതെ അതു സംഭവിപ്പാൻ വഹിയാ. എന്തുകൊണ്ടെന്നാൽ ഒരുവൻ മറ്റവനിൽ നിന്നു കൈക്കൊള്ളുന്നതു ആഗന്തുകം (Accidental) അഥവാ കാതൽ സംബന്ധം (Essential) ആയിരിക്കേണം. എന്നാൽ റൂഹാദക്കുദശാ പുത്രനിൽ നിന്നു ആഗന്തുകമായി ഒന്നുംതന്നെ കൈക്കൊള്ളുവാ

ൻ വഹിയാ എന്തുകൊണ്ടെന്നാൽ ദൈവം കേവലം അഖണ്ഡൻ (Simple) ആകയാൽ ഇരുവരിലും ആഗന്തുകം ഉണ്ടാകുവാൻ പാടില്ല. അതുകൊണ്ട് ൟഹാദക്കുദശാ പുത്രനിൽനിന്നു കൈക്കൊള്ളുന്നതു കാതൽ സംബന്ധമായ പ്രവൃത്തിയാൽ കാതൽ സംബന്ധമായ വസ്തുവിനെ അതായതു കാതലിനെയാണു. ഇതു ൟഹാദക്കുദശാ പുത്രനിൽ നിന്നു പുറപ്പെട്ടുവെന്നു പറയുന്നതു തന്നെയാണു.

ഇപ്രകാരം വിശുദ്ധ അഫ്രഹാസ്ഥീനോസും പറയുന്നു. "ൟഹാദക്കുദശാ പുത്രനോടുകൂടെ ഏക കാതലായിരിക്കയും അങ്ങേപക്കൽ നിന്നു പുറപ്പെട്ടുകയും ചെയ്യുന്നതിനാൽ ഇനിക്കുള്ളതിൽ നിന്നു അയാൾ കൈക്കൊള്ളുന്നുവെന്നു അങ്ങീനു അരുളിച്ചെയ്തു" (Homil 1. in Symbolum Apostolorum)

വിശേഷിച്ചു ൟഹാദക്കുദശാ പുത്രനിൽ നിന്നു ജ്ഞാനത്തെ കൈക്കൊള്ളുന്നു. എന്തുകൊണ്ടെന്നാൽ അയാൾ അറിയിക്കുന്നവയൊക്കയും പുത്രനിൽ നിന്നു കൈക്കൊള്ളുന്നവയാണു. എന്നാൽ വിശുദ്ധ അഫ്രഹാസ്ഥീനോസു (Tract- 99 in Joan) പറയുംപ്രകാരം അയാളിൽ ജ്ഞാനം കാതലാകുന്നു. എന്തുകൊണ്ടെന്നാൽ കേവലം അഖണ്ഡൻ (Simple) ആയ ദൈവത്തിൽ ജ്ഞാനവും കാതലും ഒന്നു തന്നെയാകുന്നു. ആകയാൽ ൟഹാദക്കുദശാ തന്റെ കാതലിനെ പുത്രനിൽ നിന്നു കൈക്കൊള്ളുന്നു. അഥവാ ൟഹാദക്കുദശാ പുത്രനിൽ നിന്നു പുറപ്പെട്ടുന്നു.

സുറിയാനി പ്രതിയിൽ ഇനിക്കുള്ളതിൽനിന്നു അയാൾ കൈക്കൊള്ളുന്നുവെന്നു വർത്തമാനകാലം പ്രയോഗിക്കപ്പെട്ടിരിക്കുന്നു. മറു ഭാഷാപ്രതികളിൽ ഭാവികാലത്തിൽ "കൈക്കൊള്ളും" എന്നു ആണു. ഉരം കാലഭേദം സാരമില്ല. ഇതിനുള്ള ന്യായം വിശുദ്ധ അഫ്രഹാസ്ഥീനോസു മേൽപറയപ്പെട്ട പുസ്തകത്തിൽ വളരെ ഭംഗിയായി പറയുന്നതിനെ കേട്ടുകൊൾവിൻ. "നിത്യനായിരിക്കുന്നയാളെക്കുറിച്ചു ഭൂതമെന്നോ വർത്തമാനമെന്നോ ഭാവിയെന്നോ ആയ ഏതുകാലത്തിൽ ക്രിയ ഉപയോഗിച്ചാലും അസത്യമാകയില്ല. എന്തുകൊണ്ടെന്നാൽ നിത്യമായിട്ടുള്ളതു ആയി, ആകും, ആകുന്നു. ഒരിക്കലും ഇല്ലാതായിട്ടില്ലാത്തതിനാൽ ആയി. ഒരിക്കലും ഇല്ലാതെ ആകയില്ലാത്തതിനാൽ ആകും. എല്ലാപ്പോഴും ആയിരിക്കുന്നതിനാൽ ആകുന്നു."

(തുടരും) .൦൨.൨

IV ഉത്തരീയ മഹത്വം

(൧൩൯-൩൰പക്ഷം തുടർച്ച.)

സ്വന്ത പുത്രന്മാരുള്ള മാതാപിതാക്കൾ അന്യരെ പുത്രസ്വീകാരം ചെയ്യാറില്ല. എന്നാൽ നിത്യപിതാവു തന്നോടു സമം നിത്യനും ഒരേ സ്വഭാവം തന്നെയുള്ളവനുമായ അതിസ്നേഹ വാത്സല്യപുത്രൻ തനിക്കുണ്ടായിരുന്നിട്ടും, മനുഷ്യരുടനെ താൻ വച്ചിരുന്ന അ

പരിമിത സ്നേഹം നിമിത്തം അവരെ തന്റെ പുത്രരായി സ്വീകരിച്ചു. ഇതിനാൽ "നാം തന്റെ പുത്രരെന്നു വിളിക്കപ്പെട്ടന്നതിനും ആകുന്നതിനും, എപ്രകാരമുള്ള സ്നേഹം പിതാവു നമുക്കു തന്നുവെന്നു നോക്കുവിൻ,, എന്നു വി. യോഹന്നാൻ (൧. ലെ ൩. ൧) എഴുതിയിരിക്കുന്നു. ഇപ്രകാരംതന്നെ ദൈവജനനിയായ കർമ്മലനാഥ, ദൈവപിതാവിനു സമ സ്വഭാവമുള്ള സ്നേഹ വാത്സല്യപുത്രൻതനിക്കുണ്ടായിരുന്നിട്ടും, കർമ്മല സഭക്കാരെയും അതിന്റെ ശാഖയായ ഉത്തരീയ സഭക്കാരെയും തന്റെ പ്രത്യേക ദത്തുപുത്രരായി സ്വീകരിച്ചു സംരക്ഷണംചെയ്യാൻ ചിത്തമായി, അതിന്റെ ദൃശ്യ ചിഹ്നമായി തിരുവുത്തരീയം അവർക്കു നൽകിയെന്നു പറയെണ്ടിയിരിക്കുന്നു.

പ്രസ്തുത സഭക്കാർക്കുള്ള ഒരു അമൂല്യ മഹത്വത്തിനും പുറമെ, മറ്റൊരു വിശേഷതയുണ്ട്. എന്തെന്നാൽ നിത്യപിതാവിന്റെ ഏകകുമാരൻ അനാദിയിൽ മാതാവില്ലാതെ, പിതാവായ ദൈവത്തിൽ നിന്നും, കാലങ്ങളുടെ പൂർണ്ണതയിൽ പിതാവില്ലാതെ, മാതാവായ മറിയത്തിൽ നിന്നും പിറന്നതുപോലെ, കർമ്മലസഭക്കാരും പഴയവേദത്തിൽ മാതാവില്ലാതെ, പിതാവായ വി. ഏലിയാ ദീർഘദർശിയിൽ നിന്നും, പുതിയവേദത്തിൽ പിതാവില്ലാതെ, മാതാവായ മറിയത്തിൽ നിന്നും ജ്ഞാനവിധത്തിൽ പിറന്നുവെന്നു അനേകമാറാന്മാർ അഭിപ്രായപ്പെട്ടന്നു. ഓ! മറിയത്തിന്റെ ആശ്ലേഷവും ഭാഗ്യവും നിറഞ്ഞ പുത്രരായ ഉത്തരീയ സഭക്കാരെ! നിങ്ങൾ സാക്ഷാൽ സാരാർത്ഥവും ഒരുവിധ അഗ്രാഹ്യ രഹസ്യവും നിറിഞ്ഞ സന്തതികളായിരിക്കുന്നു.

ഇനിയും ഇവരെ ദൈവജനനിയുടെ പ്രഥമ പുത്രർ എന്നീ മഹോന്നതമായ നാമത്താൽഏറിയ മാപ്പിപ്പാമാർ ഉയർത്തിയിരിക്കുന്നു. അതെ, സാക്ഷാൽ ഒരു ശ്രീമൻ നാമത്തിന്നിവർ അർഹന്മാരായിരിക്കുന്നു. എന്തെന്നാൽ ഒരു സഭയുടെ പുരോഗാമിയും അഗ്രേസരനുമായ വി. ഏലിയാ ദീർഘദർശി മിശിഹായ്ക്കു ൯൦൦ വർഷങ്ങൾക്കു മുമ്പു ഒരു സഭയുടെ ജനനസ്ഥലമായ കർമ്മല മലയിൽവച്ചു ഒരു കന്യകയുടെ പാദരൂപേണ ദർശിച്ച ആശ്ലേഷജനകമായ ആ ചെറുമേഘം, വരുവാനിരുന്ന ലോകരക്ഷിതാവിന്റെ മാതാവിനെ പ്രദർശിപ്പിച്ചിരുന്നുവെന്നു ദൈവവെളിവാലറിഞ്ഞു, ഒരു മാതാവിനെ പ്രത്യേകവിധത്തിലാശ്രയിച്ചു സേവിക്കയും, തന്റെ അനുഗാമികളായ കർമ്മല നിവാസികളും അതെപ്രകാരം ഒരു മോക്ഷരാജ്ഞിയെ തങ്ങളുടെ അമ്മയായി നിരന്തരം സ്നേഹിച്ചു സേവിക്കുന്നതിനുപദേശിക്കയും ചെയ്തു. ഇങ്ങിനെ കർമ്മല സഭക്കാർ അതിന്യായത്തോടെ ദൈവജനനിയുടെ പ്രഥമ പുത്രരായി ഗണിക്കപ്പെട്ടിരിക്കുന്നു.

പണ്ടു യൂദന്മാർ, "തങ്ങൾ അബ്രാഹത്തിന്റെ സന്തതിയാകുന്നു,, (യോ. വ. ൮൩) "ഞങ്ങളുടെ പിതാവു അബ്രാഹമാകുന്നു,, (യൊ. വ. ൮൯) എന്നു പറഞ്ഞു പ്രശംസിച്ചെങ്കിൽ ഉത്തരീയ സ

ഭക്കോക്കും അതിന്യായത്തോടെ ‘‘ഞങ്ങൾ ത്രിലോകനാഥയായ മറിയത്തിന്റെ മക്കളാകുന്നു,, എന്നു പ്രശംസിപ്പാൻ ന്യായമില്ലയൊ? അതു മോക്ഷരാജ്ഞിയും ദൈവജനനിയുമായ മറിയത്തിന്റെ മക്കളാകുന്നതിനെക്കാൾ മഹത്തായതു എന്തു? പുരാതന ലോകത്തിന്റെ വിശ്രുതന്മാരായ അലക്സാന്തർ മഹാൻ, റൊമുള്സ, ഷീപ്പിയൊ, യൂലിയസ് കൈസരും മറു പലരും തങ്ങൾ ദ്യൊപിതാവായ യൂപ്പിത്തെർ എന്ന ദേവനിൽ നിന്നും, മാർസു ദേവനിൽ നിന്നും, വെനൂസ് ദേവിയിൽ നിന്നും മറൊരൊ ദേവകളിൽ നിന്നും ജനിച്ചവരെന്നു മഹാ പ്രശംസയോടെ നടിച്ചിരുന്നെങ്കിൽ സാക്ഷാൽ സ്വർഗ്ഗരാജ്ഞിയായ കന്മെല നാഥയിൽ നിന്നു ജ്ഞാനവിധത്തിൽ ജനിച്ചവരായ ഉത്തരീയ സഭക്കാക്കുള്ള മഹത്വവും പ്രശംസയും എത്രയൊ വലുതു?

എന്നാൽ ഉത്തരീയസഭക്കാരെ! നിങ്ങളുടെ മഹത്വവും ഭാഗ്യവും അതിശ്രേയസ്സുരവും ശ്ലാഘനീയവുമാകുന്നെന്നു സമ്മതിക്കേണ്ടതാണെങ്കിലും നിങ്ങളുടെ ജീവിതം ഇതിന്നനുസാരമാകുന്നുവൊയെന്നു നന്നായി ഗ്രഹിക്കേണ്ടിയിരിക്കുന്നു. മറിയത്തിന്റെ മക്കൾക്കു യോഗ്യമായ പ്രവൃത്തികൾ നിങ്ങൾക്കില്ലങ്കിൽ ഒരു മഹോന്നത നാമധേയംകൊണ്ടും, സ്വർഗ്ഗീയവസ്ത്രംകൊണ്ടും എന്തു പ്രയോജനം? ‘‘നിങ്ങൾ അബ്രാഹത്തിന്റെ മക്കളാകുന്നെങ്കിൽ അബ്രാഹത്തിന്റെ പ്രവൃത്തികളെ ചെയ്വിൻ,, എന്നു (യൊഹ. വ. ൮൯) ദിവ്യരക്ഷിതാവു യൂദന്മാരോടരുളിച്ചെയ്തതുപോലെ ഉത്തരീയസഭക്കാരോടും പറയേണ്ടിയിരിക്കുന്നു. അതായതു നിങ്ങൾ കന്മെലനാഥയായ മറിയത്തിന്റെ മക്കളാകുന്നെങ്കിൽ മറിയത്തിന്റെ പ്രവൃത്തികളെ ചെയ്വിൻ. മറിയത്തെ സ്നേഹിക്കുന്നവരെ! നിങ്ങൾ മറിയത്തെ ഉടുപ്പിൻ; അവൾ നിങ്ങളുടെ ജീവിതത്തിലും പ്രവൃത്തികളിലും പ്രകാശിക്കട്ടെ, എന്നു സ്വപ്നപ്പെടുത്ത വി. ബൊനവന്തുരാമല്ലാൻ ഉപദേശിക്കുന്നു. വസ്ത്രം ജീവിതത്തെ പ്രസിദ്ധപ്പെടുത്തട്ടെ; എന്നു മഹാശാസ്ത്രിയായ തെർത്തുല്യൻ ഉപദേശിക്കുന്നു.

അപ്പൊ കന്മെലനാഥയുടെ പ്രത്യേക സ്വീകാരപുത്രരെന്നു പ്രശംസിക്കുന്ന ഉത്തരീയസഭക്കാരെ! “സ്വർഗ്ഗത്തിലിരിക്കുന്ന നിങ്ങളുടെ പിതാവു പരിശുദ്ധനായിരിക്കുന്നതുപോലെ, നിങ്ങളും പരിശുദ്ധരാകുവിൻ,, (മത്തായി ൬. ൪൮) എന്നു ദിവ്യരക്ഷിതാവു തന്റെ അനുഗാമികളോടരുളിച്ചെയ്തതുപോലെ, സ്വർഗ്ഗത്തിലിരിക്കുന്ന നിങ്ങളുടെ മാതാവായ കന്മെല നാഥ പരിശുദ്ധയായിരിക്കുന്നതുപോലെ നിങ്ങളും പരിശുദ്ധരാകുവിനെന്നു ഓർപ്പിക്കുന്നു. മറിയത്തിന്റെ മക്കളായ നിങ്ങൾ കുല, മോഷണം, മദ്യപാനം, വ്യഭിചാരം, ഭോഷ്കു എന്നീ പഞ്ചപാതകങ്ങളിൽ നിന്നുമാത്രമല്ലാ അല്പാല്പ പാപങ്ങളിൽ നിന്നുകൂടെയും ഒഴിഞ്ഞു സകല സുകൃതങ്ങളാൽ നിങ്ങളെ അലങ്കരിച്ചു കന്മെലനാഥയ്ക്കു യോഗ്യമക്കളായി ജീവിപ്പിൻ.

ഒ! ഉത്തരീയ രാജ്ഞിയെ!! ഉത്തരീയ സഭക്കാരായ ഞങ്ങൾ

നിന്റെ യോഗ്യപുത്രരായി ജീവിപ്പാൻ കൃപചെയ്യേണമേ.

. ٤٥٦ . 2

V കൊന്തമാതാവിൻ തിരുനാൾ.

൭൦ മാസം ൧൭–൨൦൧൭- ഞായറാഴ്ച കൊന്തമാതാവിന്റെ തിരുനാൾ ആഘോഷിക്കപ്പെടുന്നതാകയാൽ, പരിശുദ്ധ ജപമാല സഖ്യതയിൽ ചേർന്നിരിക്കുന്നവർക്കും, എന്നു മാത്രമല്ല കൊന്ത നമസ്കാരം എത്തിക്കുന്ന സകലർക്കും ഉപകരിക്കുന്നതിനു വേണ്ടി ഈ വിഷയത്തെപ്പറ്റി അല്പം വിവരിക്കുന്നു.

൧൬–൨൦ ശതാബ്ദത്തിലുണ്ടായ ജ്ഞാപകയോഗ്യമായ ഒരു സംഭവം നിമിത്തം പരിശുദ്ധ ജപമാല ഭക്തിക്കു അധിക വർദ്ധനയും ശ്രേയസ്സും ഉണ്ടായി. അതെങ്ങിനെയെന്നാൽ ഭൂലോകത്തിനു ഭയങ്കര വിഷയമായിതീർന്ന തുർക്കികൾ, ക്രീസ്തു വേദത്തിനു നാശഹേതുവായ വിധത്തിൽ, തങ്ങളുടെ രാജ്യഭരണാധികാരം വിസ്തീർണ്ണമാക്കുന്നതിനു ശ്രമിച്ചു വന്നു. രണ്ടാം സോളീമാൻ എന്ന തുർക്കി രാജാവു ൧൫൨൬–ാം കാലത്തിൽ ബെൽഗ്രദ പിടിച്ചടക്കി. പിറ്റെവത്സരം രോദിദീപിനെ ബലമായി കരസ്ഥമാക്കി. സോളീമാന്റെ പുത്രനും പിൻഗാമിയുമായ രണ്ടാം സൊളീമേയനവൻ വീര്യശൂര്യത്തിലും, ജയങ്ങളിലും തന്റെ പിതാവിനു തുല്യനായി ഭവിച്ചു. ൧൫൭൦–ാം കാലത്തിൽ കെവുപ്രോസ് ദ്വീപും, ഉക്രയിനാ നാട്ടിൽ ഒരു ഭാഗവും പിടിച്ചടക്കി. അയാണ്ടിൽതന്നെ ഇത്താലിയാ മുതലായ യൂറോപ്പു ദേശങ്ങളെ പിടിച്ചടക്കുന്നതിനു നിശ്ചയിച്ചു. ഇതിനായി അസംഖ്യം സൈന്യങ്ങളെ ശേഖരിക്കയും ഏറ്റവും സമർത്ഥന്മാരായ പടവീരന്മാരെ സേനാപതികളായി നിയമിക്കയുംചെയ്തു. ക്രിസ്തീയരോ എന്നാൽ സമുദ്രസമാനം പെരുകി അധിഗംഭീരമായി പുറപ്പെട്ടിരിക്കുന്ന ഈ തുർക്കി സൈന്യങ്ങളോടെതിർക്കുന്നതിനു തങ്ങളാൽ ആകുന്ന പരിശ്രമങ്ങൾ ഒക്കയും ചെയ്തു. ഔസ്ത്രീയായിലെ ദോൻ യോഹന്നാനെന്ന പേർപെട്ട സേനാപതിയേയും, പരിശുദ്ധ പിതാവായ ൬–ാം പീയൂസ് പാപ്പായുടെ സേനാധിപനായിരുന്ന മാർക്കോനിയാ കൊളോന്നാ എന്ന വിശ്രുത കപ്പിത്താനേയും തങ്ങൾക്കു പടനായകരായി നിയമിച്ചുകൊണ്ടു ദൈവജനനിയുടെ ആദരവിൽ തങ്ങളെ കയ്യാളിച്ചു യുദ്ധത്തിനു പുറപ്പെട്ടു. അത്തനെ എന്ന പട്ടണത്തിൽനിന്നു ഉദ്ദേശം ക്രോശ നാഴിക ദൂരമായ ലപ്പാന്തോ എന്ന ഉൾക്കടലിൽവച്ചു രണ്ടു സൈന്യങ്ങൾ തമ്മിൽ നേരിട്ടു തുർക്കികളും ക്രിസ്തീയരും തമ്മിൽ ഘോരയുദ്ധം ഉണ്ടായി. ക്രിസ്തീയർ തുർക്കിസൈന്യങ്ങളെ കണ്ടുടൻ തങ്ങളുടെ സ്വരം ഉയർത്തി ദൈവജനനിയുടെ സഹായം അപേക്ഷിച്ചുകൊണ്ടു രക്ഷനാഥന്റെ സ്ത്രീവാരൂപം തങ്ങൾക്കു ജയകൊടിയായി ഉയർത്തി നാട്ടി. ഉടൻ ക്രിസ്തീയസൈന്യം മുഴുവനും മുട്ടുകുത്തി സാഷ്ടാംഗം വീണു അതിരുസ്ത്രീവായെ വണങ്ങി. ഇ

തുമല്ലാതെ ക്രിസ്ത്യാനികളുടെ പടക്കപ്പലുകൾ ആയിടെമേലും ദൈവ ജനനിയുടെ സ്വരൂപം എല്ലാവരും കാണ്മാൻതക്ക വിധത്തിൽ സ്ഥാപിച്ചിട്ടുണ്ടായിരുന്നു.

തുർക്കി സൈന്യത്തെക്കാൾ, ക്രിസ്ത്യാനികളുടെ സൈന്യം അത്യന്തം ലഘുവായിരുന്നുവെങ്കിലും ദൈവജനനിയുടെ സഹായത്താൽ തങ്ങൾക്കു ജയമുണ്ടാകുമെന്നു സ്ഥിരമായി വിശ്വസിച്ചുകൊണ്ടു ക്രിസ്ത്യാനികൾ യുദ്ധത്തിനു നടയാളം കൊടുത്തു. ഇരുസൈന്യവും തമ്മിൽ ഘോരയുദ്ധം തുടങ്ങി. എന്നാൽ ഏറെ താമസിയാതെ തുർക്കി സൈന്യം തോറ്റു ചിതറി, അവരുടെ സേനാപതിയും ൩൦,൦൦൦ സേവകരും ചത്തുവീണു. ൫൦൦൦ തുർക്കികൾ ക്രിസ്ത്യാനികൾക്കിടിമകളായി പിടിക്കപ്പെട്ടു. തുർക്കികളുടെ ൧൩൦ പടക്കപ്പലുകൾ ക്രിസ്ത്യാനികൾ പിടിച്ചു കൈവശമാക്കി. ൯൦ കപ്പലുകൾ സമുദ്രത്തിൽ മുക്കിക്കളഞ്ഞു. തുർക്കികളുടെ അടിമയിൽ ബന്ധിക്കപ്പെട്ടിരുന്ന ൫൦൦൦ ക്രിസ്ത്യാനികളെ വീണ്ടുരക്ഷിച്ചു. ഇവയൊക്കയും ൧൫൭൧ ഒക്തോബർമാസം ൭-ാംനു- സംഭവിച്ചു. അത്യുത്തമമല്ലാ, ഈ യുദ്ധസമയത്തിൽതന്നെ റോമാപുരിയിലും മറ്റും ജപമാലസഖ്യതയിൽ ചേർന്നിട്ടുണ്ടായിരുന്ന അസംഖ്യജനങ്ങൾ സഖ്യതയുടെ നിയമപ്രകാരം പ്രദക്ഷണങ്ങൾ കഴിച്ചും ൧൫ മണി ജപംചൊല്ലി പ്രാർത്ഥിച്ചുകൊണ്ടും സർവ്വേശ്വരനോടും ദൈവജനനിയോടും സഹായം അപേക്ഷിച്ചുകൊണ്ടിരുന്നു.

ജപമാല രാജ്ഞിയായ ദൈവജനനിയുടെ സഹായത്താൽ ഈ ജയം പ്രാപിച്ചതല്ലാതെ മറ്റു പ്രകാരമല്ലായെന്നു ശുദ്ധ. മാപ്പാപ്പാ നിശ്ചയിച്ചപ്രകാരം ആണ്ടുതോറും നിത്യ ജ്ഞാപകത്തിന്നായും, കൃതജ്ഞതസ്തോത്രത്തിന്നായും പരിശുദ്ധ കന്യകയുടെ സ്തുതിക്കായും (ജയത്തിൻ രാജ്ഞിയുടെ) എന്ന നാമമായി ഒരു തിരുനാൾ നിശ്ചയിക്കയും; ക്രിസ്ത്യാനികളുടെ സഹായമെ! ഞങ്ങൾക്കു വേണ്ടി അപേക്ഷിക്ക, എന്നുള്ളകൃത്യങ്ങളെ ക്രമേയും പ്രാർത്ഥനയിൽ ചേർത്തു ജപിക്കുന്നതിന്നാജ്ഞാപിക്കയുംചെയ്തു. ഇതിന്നപരശേഷം രണ്ടുവർഷം കഴിഞ്ഞപ്പോൾ ൧൫൭൨ ഗ്രിഗോരിയൊസ്സു മാപ്പാപ്പാ ജയത്തിൻ രാജ്ഞിയുടെ എന്ന നാമത്തിന്നു പകരം "ജപമാല രാജ്ഞിയുടെ,, എന്ന നാമം നിശ്ചയിച്ചു, ഈ നാമത്തിൽ ടി. തിരുനാളാഘോഷിപ്പാൻ കല്പിക്കയും ചെയ്തു. പിന്നെയും ഈ തിരുനാളിന്നു പ്രത്യേകമായ കാനോനാ ജപം നിശ്ചയിച്ചു അംഗീകരിക്കയും മേലാൽ ജപമാല രാജ്ഞിയുടെ നാമത്തിൽ ഒരു കപ്പേളയോ, പീഠമോ സ്ഥാപിപ്പിക്കപ്പെട്ടിട്ടുള്ള ദേവാലയങ്ങളിലൊക്കയിലും ഈ തിരുനാൾ ആഘോഷിക്കണമെന്നു ആജ്ഞാപിക്കയും ചെയ്തു.

ഇതിനാൽ കാനോനാസ്സിട്ടുള്ള വിധത്തിൽ ജപമാല സഖ്യത സ്ഥാപിച്ചിരിക്കുന്ന ദേവാലയത്തിൽ വർഷംതോറും തുലാമാസം ആദ്യം വരുന്ന ഞായറാഴ്ച പരിശുദ്ധ ജപമാല രാജ്ഞിയുടെ തിരുനാൾ പ്രത്യേകവിധത്തിൽ ആഘോഷിക്കേണ്ടതാണ്.

കാനോനാപ്രകാരം ജപമാല സഖ്യത സ്ഥാപിക്കപ്പെട്ടിട്ടുള്ള ദേവാലയത്തിൽ ആഘോഷിക്കപ്പെടുന്ന ഈ തിരുനാളിന്നു (Toties

Quoties) എത്രയൊ, അത്ര * എന്നു പേർപെട്ട പൂർണ്ണദണ്ഡവിമോചനം കല്പിക്കപ്പെട്ടിട്ടുണ്ടു. ആയതിനാൽ ഈ തിരുനാളിന്റെ തലെ ദിവസം ഉച്ചകഴിഞ്ഞു ൩ മണി മുതൽ (൬ നാഴികപകൽ) തിരുനാൾ ദിവസമായ ഞായറാഴ്ച അസ്തമനം വരെ എന്നീനേരത്തിനകം ടി. ദേവാലയത്തിൽ പ്രവേശിച്ചു ജപമാല രാജ്ഞിയുടെ പീഠത്തിൻമുമ്പാകെ മുട്ടുകുത്തി പ്രാർത്ഥിക്കുന്നു. വിശ്വാസികൾക്കു പൂർണ്ണദണ്ഡവിമോചനം ലഭിക്കാവുന്നതാണ്. അത്രയുമല്ല, മേല്പറഞ്ഞ നേരത്തിനകം എത്രപ്രാവശ്യം ദേവാലയത്തിൽ പ്രവേശിച്ചു മുൻ പറഞ്ഞ പ്രകാരം പ്രാർത്ഥിക്കുമൊ അത്രയും പ്രാവശ്യം ഓരൊ പൂർണ്ണദണ്ഡവിമോചനം പ്രാപിപ്പാൻ പാടുണ്ടു.

. ൨൩൨ . 2

VI അദ്ദേഹം എങ്ങിനെയാണു മാപ്പുപ്രാപ്തനായതു.

ഒരിക്കൽ വി. ദോമിനീക്കോസിന്റെ സഭാ സന്ന്യാസികളിലിരുവർ വടക്കെ ഇത്താലിയായിൽക്കൂടെ പ്രയാണം ചെയ്തിരുന്നു. അവരിൽ ഒരുത്തൻ കുറെ പ്രായം ചെന്നവനും മറ്റയാൾ തുലോം ചെറുപ്പക്കാരനുമായിരുന്നു. ഇവർ പ്രയാണം ചെയ്തു ഒരു മനോഹര താഴ്വരയിലെത്തിയപ്പോൾ, അവിടെ ഒരു കൊച്ചിടയൻ തന്റെ ആടുകളെ തീററിക്കൊണ്ടിരിക്കുന്നതുകണ്ടു, മുതുക സന്ന്യാസി തന്റെ ശ്രേഷ്ഠനോടു, ഇതാ ഒരിടയക്കുട്ടി എന്നു പറഞ്ഞു. പത്തുവയസ്സു പ്രായമായിരുന്ന ആകുട്ടി ഇവരെ കണ്ടതിനോടെ ത്വരിതമായി ഓടിവന്നു, സസ്തിചൊല്ലി കരചുംബനം ചെയ്തശേഷം, ആ സന്ന്യാസശ്രേഷ്ഠൻ അവനെ നോക്കി, നിന്റെ പേർ എന്താകുന്നു എന്നു ചോദിച്ചു; അതിന്നു എന്റെ പേർ മൈക്കൽചിസലെരി എന്നാണെന്നുത്തരം പറഞ്ഞു. അപ്പോൾ ആ മുതുക്കൻ, എന്റെ കുട്ടി തന്റെ നാമധാരിയായ ഒരു വന്ദ്യബാലകൻ നിനക്കുണ്ടല്ലൊ നീ അറിയുമൊ? അദ്ദേഹം ജഗൽ പ്രസിദ്ധനായ ഒരു വൈദിക മേലദ്ധ്യക്ഷനാണു. ഇതുകേട്ടപ്പോൾ ആ കുട്ടി അങ്ങിനെയല്ലച്ചാ! എന്റെ പാലകൻ മോക്ഷാർത്ഥികളുടെ നായകനായ വി. മിക്കായെൽ മുഖ്യഭൂതനാണു. ലൂച്ചിഫെറും ഡംഭനിറഞ്ഞ അവന്റെ അനുഗാമികളും ദൈവത്തോടു മത്സരിക്കയിൽ, മിക്കായേൽ "സർവ്വേശ്വരനെപ്പോലെ ആർ,, എന്നു അട്ടഹാസിച്ചുകൊണ്ടു മററു പരിശുദ്ധാത്മാക്കളോടുകൂടെ ആ ദൈവദ്രോഹികളെ സ്വർഗ്ഗത്തിൽനിന്നു

---

* അതായതു: എത്രപ്രാവശ്യം ദേവാലയത്തിൽ കയറിക്കുമ്പിട്ടു ശ്രദ്ധ: മാപ്പുപ്രാപ്തിയുടെ ഉദ്ദേശ്യപ്രകാരമുള്ള ധർമ്മകാര്യങ്ങൾ സാധിപ്പാൻ വേണ്ടി ടി ആ. ദിനം. തി. പ്രാർത്ഥിക്കുമൊ, അത്രയും പ്രാവശ്യം ഓരൊ പൂർണ്ണദണ്ഡവിമോചനം പ്രാപിപ്പാൻ പാടുണ്ടെന്നാണു കാര്യസാരം.

ആട്ടിയിറക്കി നരകാഗ്നിക്കു ഇരയാക്കിത്തീർത്തു എന്നുത്തരിച്ചു. സന്ന്യാസികൾ മൈക്കലിന്റെ ഒരു പ്രത്യുത്തരം കേൾക്കുകയിൽ അവനോടു നിന്റെ വികാരിയച്ചനാണൊ നിന്നെ ഇതു പഠിപ്പിച്ചതു എന്നു ചോദിച്ചതിന്നു അതേഹത്തിന്നു ദീനമാണെന്നുത്തരം പറഞ്ഞു. ഇതുകേട്ടപ്പോൾ പിന്നെ ആരാണു? നിനക്കു ഇതേവരെ വായിപ്പാൻ കൂടെ അറിയാൻ പാടില്ലല്ലൊ; പക്ഷെനിനക്കറിയാമൊ? എന്നു ചോദിച്ചതിന്നു മറുപടിയായി ഉവ്വച്ചാ! എന്റെ അമ്മ എന്നെ വായന പഠിപ്പിച്ചിട്ടുണ്ടു. സായംകാലം തോറുംഎന്റെ അജഗണത്തോടുകൂടെ വീട്ടിൽചെല്ലുമ്പോൾ അമ്മ എന്നെ ചെറിയചരിത്രങ്ങൾ പറഞ്ഞു കേൾപ്പിക്കുക പതിവാണു; ഇങ്ങിനെയത്രെ വി. മിക്കായെലിന്റെയും മറു അനേക പരിശുദ്ധന്മാരുടേയും വൃത്താന്തം അറിവാൻ ഇനിക്കു ഇടകൂടിയതു. ഇനിക്കു വായിപ്പാൻ തന്നെയല്ല കുറെശ്ശെ എഴുതുവാനും അറിയാം എന്നുണർത്തിച്ചു.

അപ്പോൾ ആ സന്ന്യാസികൾ നിന്റെ അമ്മ നല്ലപഠനമുള്ളവളാണൊ? അവളുടെ പേർ എന്താണെന്നു വീണ്ടും ചോദിച്ചതിന്നു ആ കുഞ്ഞിടയൻ, അമ്മയുടെപേർ ദോമ്മിനീക്കാ എന്നാണു. വി. ദോമ്മിനീക്കോസിന്റെ നാമം അനുസരിച്ചാണു അപ്രകാരം വിളിക്കപ്പെട്ടതു എന്നുത്തരിച്ചു. അനന്തരം ആ സന്ന്യാസശ്രേഷ്ഠൻ വി. ദോമ്മിനീക്കോസു ആരാണെന്നു നിനക്കറിയാമൊ എന്നു ചോദിക്കയിൽ കൊച്ചു ചിസലെരി പ്രത്യുത്തരമായി ഉവ്വച്ചാ! ആ മഹാത്മാവു ഒരു സഭ സ്ഥാപകനാണു, ഒരിക്കൽ അതേഹം ഞങ്ങളുടെ ഇടവകിപ്പള്ളിയിൽ പ്രസംഗിപ്പാൻ വരികയിൽ, ഒരു ജപമാലതന്നു, അതുജപിക്കുന്നതിന്നു എന്നെ പഠിപ്പിച്ചു എന്നു പറഞ്ഞു. അതിന്നു അതേഹം, കൊള്ളാം. നീയതു ദിനം പ്രതി ജപിക്കുന്നുണ്ടൊ എന്നു ചോദിച്ചപ്പോൾ, ആ കുട്ടി, ഉവ്വാ, അതു ജപിക്കയിൽ സന്തോഷവും ദുഃഖവും മഹിമയുള്ള രഹസ്യങ്ങളിലുമൽ ധ്യാനിച്ചുവരുന്നുമുണ്ടു എന്നു സവിനയം ഉത്തരിച്ചു. അതുമല്ല നല്ലവണ്ണം നടന്നാൽ എന്നെ ലത്തീൻ പഠിപ്പിക്കാമെന്നും ഒരു പട്ടക്കാരനാക്കാമെന്നും കൂടെ ആ വന്ദ്യപുരോഹിതൻ എന്നോടു പറഞ്ഞിട്ടുണ്ടു. അപ്പോൾ അവർ നിനക്കു ലത്തീൻ പഠിപ്പാൻ മനസ്സുണ്ടൊ എന്നു ചോദിച്ചു. ഇതിന്നു കൊച്ചു മൈക്കൽ, അങ്ങിനെയല്ലച്ചാ! എന്റെ അപ്പൻ നിർദ്ധനനാകയാൽ, തന്നെ സഹായിപ്പാനാണു ദൈവജനനിയുടെ ചിത്തമെന്നു ഇനിക്കുതോന്നുന്നു. ഞാൻ അതിന്നുകടക്കാരനുമാണല്ലൊ. എന്നു പറഞ്ഞശേഷം അവരെ നോക്കി, അച്ചന്മാരെ! ഞാൻ പോകട്ടെ; ഞാനില്ലാത്തതരം നോക്കി എന്റെ അട്ടിൻക്കുട്ടം വല്ലവികടവുമൊപ്പിച്ചേക്കും. ഇപ്രകാരം പറഞ്ഞു യാത്രയും ചൊല്ലിപ്പിരിഞ്ഞുപോയി.

ഒരു കുട്ടിയുടെ തല്ക്കാലസ്ഥിതി കണ്ടപ്പോൾ, നിർദ്ധനരെങ്കിലും ബുദ്ധിസാമർത്ഥ്യവും ഭക്തിവാത്സല്യവുമുള്ള കുട്ടികളുടെ വിദ്യാഭ്യാസത്തിന്നായി ഒരു പഠനശാല ഏർപ്പെടുത്തുന്നതിന്നുള്ള വിചാരം ഒരു ഇരുസന്ന്യാസികളിൽ ജനിച്ചു. ഇപ്രകാരം അടുത്ത വേന

ല്ലു പഠനശാല ഏർപ്പെടുത്തിയശേഷം ഏറെതാമസിയാതെ പ്രസ്തുത സന്ന്യാസികളിലൊരുവൻ ബൊസ്റ്റോയിലെ രോഗപീഡിതനായ വികാരിയെ ഒന്നു സന്ദർശിക്കയുണ്ടായി. ആ സന്ന്യാസഗുരുവും വികാരിയുമായി ഏറെ അവസരത്തിൽ നമ്മുടെ കൊച്ചു മൈക്കലിനെപറ്റി ഇപ്രകാരം ഒരുസംഭാഷണം നടന്നു.

സ. തങ്ങളുടെ ഇടവകയിൽ ചേന്ന മൈക്കൽ ചിസലെരിഎന്ന പേരായ ഒരിടയക്കുട്ടിയെ അറിയുമൊ ?

വി. അവൻ എന്റെ തിരുക്കുമ്മ ശുശ്രൂഷിയാണു. അവന്റെ അമ്മ ഒരു വലിയ ദൈവഭക്തയുമാണു. നിങ്ങൾ എന്താണു ഇപ്പോൾ അവനെ തിരക്കുന്നതു ?

സ. ഞങ്ങൾ അവനെ കുറേശ്ശെ അറിയും, അവനെ കണ്ടിട്ടു ഒരു വൈദികനാക്കാമെന്നുകൂടെ ഞങ്ങൾക്കു തോന്നുന്നുണ്ടു.

വി. അതുസാധിപ്പാൻ ഏറേം പ്രയാസമാണു. അവന്റെ കാരണവന്മാർ സാധുക്കളും മൈക്കൽ അവരുടെ ഏക പുത്രനുമായിരിക്കുന്ന സ്ഥിതിക്കു, അവൻ ഒരു കൃഷിക്കാരനല്ലാതെ, പട്ടക്കാരനാകുവാൻ ശരണം അശേഷമുണ്ടെന്നു തോന്നുന്നില്ല.

സ. കൊള്ളാം അച്ചാ, കായ്ം അങ്ങിനെയാണെങ്കിലും ഞാൻ ഇവിടെ വരികയിൽ ജപമാല എത്തിച്ചു അവനുവേണ്ടി കാഴ്ചവെച്ചിട്ടുണ്ടു. അവൻ ഒരു പട്ടക്കാരൻതന്നെയാകുമെന്നു ഇനിക്കു നല്ലശരണമുണ്ടു.

വി. അത്ര ഉറപ്പുതോന്നുന്നുണ്ടെങ്കിൽ, തങ്ങൾ തന്നെ ചിസലെരിയുടെ വീട്ടിൽ പോയി പ്രസ്തുത കായ്ംകൊണ്ടു അവരോടു തന്നെ പറയാമല്ലൊ. ഇപ്രകാരം പറഞ്ഞു യാത്രചൊല്ലിപ്പിരിഞ്ഞശേഷം ആ സന്ന്യാസി ചിസലെരിയുടെ വീട്ടിൽ ചെന്നു ഇക്കായ്ംകൊണ്ടു പറഞ്ഞാറെ, മൈക്കലിനു പാഠശാലയിൽ പോകുന്നതിനു തന്റെ അപ്പന്റെ പൂർണ്ണാനുമതിലഭിച്ചു. ഇങ്ങനെ ഈ കുട്ടി ബൊഹെര എന്ന സ്ഥലത്തിലെ ദൊമിനീക്കോസ്സു സന്ന്യാസികളുടെവിദ്യാശാലയിൽ പഠനം ആരംഭിച്ചു. ഏറെ വയസ്സിൽ ആ സഭയുടെ വെള്ളവസ്ത്രം ധരിക്കയും, പിന്നെ വയസ്സിൽ ഗുരുപട്ടമേല്ക്കയും ചെയ്തു. അനന്തരം ഏറെ വർഷത്തോളം ഉപാദ്ധ്യായന്റെ ജോലിനടത്തുകയും പിന്നീടു നവസന്ന്യാസഗുരുവായി നിയമിക്കപ്പെടുകയും ചെയ്തു. സഭയിലെ പല ആശ്രമങ്ങളിലും ശ്രേഷ്ഠനായി ജോലിനടത്തിയശേഷം ൧൯൭൦ പൌലോസു മാപ്പാപ്പാ ഇഹലോകത്തെ "നെപ്പി,സ്യൂത്തി,,എന്നു ഇരുസ്ഥലങ്ങളിലെ വൈദിക മേലദ്ധ്യക്ഷനായി നിയമിച്ചു അഭിഷേകിക്കയും പിറ്റെവർഷം അത്യുന്നതകർദ്ദിനാൾ സ്ഥാനത്തിലേക്കുയർത്തുകയും ചെയ്തു.

കടശി അക്കാലത്തിൽ തിരുസ്സഭയെ ഭരിച്ചിരുന്ന ൧൯൭൦ പൌലൊസു മാപ്പാപ്പായുടെ മരണശേഷം ഇഹലോകത്തെ സിംഹാസനാരൂഢനായി വാഴിക്കയും ൭ വർഷത്തോളം കത്തോലിക്കാലോകത്തെ അതി വിവേകപൂർവ്വം ഭരിച്ചശേഷം സ്വർഗ്ഗപ്രാപൂനാകയും ചെയ്തു.

തന്റെ അസാമാന്യ സുകൃതത്താലും, മരണശേഷം സംഭവിച്ച

അനേക അത്ഭുതങ്ങളാലും ദൈവത്തിന്റെ വിശുദ്ധന്മാരുടെ കൂട്ടത്തിൽ ഗണിക്കപ്പെട്ടു. ഒരം മഹാപുരുഷൻ ആരാണെന്നറിവാൻ വായനക്കാർക്കു ഒരതിമോഹം ജനിക്കാതിരിക്കയില്ലല്ലൊ.

എന്നാൽ പറയാം. ഇതു വി. ൪-ാം പീയൂസു മാപ്പാപ്പായാണു.

VII ഫ്രാ-ാം ലെയൊൻ മാപ്പാപ്പായും അമ്മേനിയക്കാരും.

കാലം ചെയ്ത പരിശുദ്ധപിതാവു ഫ്രാ—ാം ലെയോൻ മാപ്പാപ്പാ തിരുമനസ്സുകൊണ്ടുകത്തോലിക്കതിരുസ്സഭയുടെഐക്യതയിൽനിന്നു പിരിഞ്ഞു പോയവരെ പൂർവ്വസ്ഥിതിയിൽ വരുത്തുന്നതിനു ചെയ്യുവന്നിരുന്ന അക്ഷീണമായ പരിശ്രമങ്ങളുടെ ഫലങ്ങളിൽ ഒന്നു അമ്മേനിയസഭയിൽ ഉണ്ടായ ശീശ്മയുടെ നിർമ്മൂലമത്രെ. ഫ്രാ൧—ൽ മാപ്പാപ്പായുടെ തെറ്റാവരം ഏവരും വിശ്വസിക്കേണ്ട വേദസത്യമായി ഉറപ്പിച്ചതിന്മേൽ അമ്മേനിയായിൽ ചിലർക്കുണ്ടായ വൈരസ്യമത്രെ ഈ ശീശ്മയുടെ കാരണം. ഈ അതൃപ്തകക്ഷികൾ കുപ്പെലിയൻ എന്ന ഒരു സന്യാസിയുടെ പ്രേരണയിന്മേൽ സ്ഥലത്തെ സുധർമ്മയുള്ള മേലദ്ധ്യക്ഷനായ മഹാദിവ്യശ്രീ അന്തോനിഹസ്സൻ എന്ന പാത്രിയർക്കീസിനോടു മുതലിച്ചു, മേൽ പറഞ്ഞ കുപ്പെലിയനെ ലൌകിക (Civil) പാത്രിക്കീസായും ദീയാർ സൈക്കിരിന്റെ മെത്രാപ്പോലീത്താ ആയ ബത്തിയാരിയൻ എന്ന ദേഹത്തെ വൈദിക (Religious) പാത്രിയർക്കീസായും നിയമിച്ചു. കുറെ കഴിഞ്ഞപ്പോൾ ഒരം സ്ഥിതി പൊതുവിൽ രസക്ഷയമായതിനാൽ ബത്തിയാരിയൻ സ്ഥാനം ഒഴികയും കുപ്പെലിയൻ ഇരുവക അധികാരവും സ്വീകരിക്കയും ചെയ്തു. എങ്കിലും ഫ്രാന്റെ—ൽ കുപ്പെലിയൻ സ്ഥാനം ഉപേക്ഷിച്ചു. മഹാദിവ്യശ്രീ ഹസ്സൻ അവർകളുടെ പക്കൽ ചെന്നു ചെയ്തുപോയ തെറ്റിനു മാപ്പപേക്ഷിക്കയും അദ്ദേഹത്തിന്റെ ആജ്ഞാനുസരണം കുപ്പെലിയൻ റോമായിക്കു പോകയും ഫ്രാ—ാം ലെയൊൻ മാപ്പാപ്പായാൽ അത്യന്ത ദയയോടെ കൈക്കൊള്ളപ്പെടുകയുംചെയ്തു. ഇതു സംഭവിച്ചതു ഫ്രാന്റെ ഇടവമാസത്തിൽതന്നെ. അമ്മേനിയശീശ്മയുടെ ഒരുപ്രധാന നായകനായ ചിപ്രുസിലെ മെത്രാനായ ഗപ്പാരിയൻ എന്ന ദേഹവും മുമ്പിലത്തെ ഐക്യതയിൽ പിന്തിരിഞ്ഞു ഫ്രാ—ാം ലെയൊൻ മാപ്പാപ്പായാൽ കായിരൊയിലെ ശീശ്മ മെത്രാനും കൂടശി ബത്തിയാരിയനും പിന്തിരിഞ്ഞു അവരുടെ ഉപയോഗത്തിനും മറ്റുമായി ഫ്രാ—ാം ലെയൊൻ മാപ്പാപ്പാ തിരുമനസ്സുകൊണ്ടു ഒരു കൊള്ളെജു സ്ഥാപിക്കയും ഒരംശൊസഭക്കാരെയും ക്രിസ്ത്യൻ ബ്രദേഴ്സ് സന്യാസികളേയും അവരെ വിദ്യ അഭ്യസിപ്പിക്കുന്നതിനായി അയക്കയും ചെയ്തു.

കൈമ്മൾകുസുമം

മാസിക വരിപ്പണം അടച്ചവരുടെ പേരുവിവരം.

മ. രാ. രാ. ക്രമപ്രകാരം. അവർകൾ

പള്ളിക്കൽ തയ്യിൽസിൽ വേർ അഗാത്തു ബ. ആട്ടുമാലിൽ പീലിപ്പോസുക, ബ. കഴിമറ്റത്തിൽ തോമ്മാ ക, ബ. കൊച്ചുപാലത്തുംകൽ യൌസെപ്പു ക, കല്ലുക്കാരൻ പൌലോസ്. കല്ലുക്കാരൻ വറിയു കുഞ്ഞിപ്പാലു. ബ. ചിറമേൽ മാത്തു ക, Rev. Fr. Joseph Chammany. കൊള്ളന്നൂരു തോമ്മാ അന്തോനി, ചിറ്റിലപ്പള്ളി കുഞ്ഞാപ്പുലോന ദേവസ്സി, സി. ഏ. പ്രഞ്ചു, ഒല്ലുക്കാരൻ ഇട്ടിക്കുരു ക. പെ. ബ. എൽത്തുരുത്തു പ്രിയോരച്ചൻ, ബ. കൊടുങ്ങല്ലത്തു ഗീവറുഗീസു ക. കല്ലുക്കാരൻ അന്തോനി കിഴക്കെപ്പീടിക കുഞ്ഞുവക്കി, പുതുച്ചിറയിൽ മത്തായി, കുത്തപ്പുള്ളിൽ കുഞ്ഞിറിയു; താവളത്തിൽ മാത്തൻ ജെക്കോബ്, ബ. മാറാമറ്റത്തിൽ മാണിക, കൊച്ചുപുരയ്ക്കൽ ചാക്കൊ ഈപ്പൻ, ചകിരിയാംതടത്തിൽ അവിരാ, ചകിരിയാം തടത്തിൽ ഔസേപ്പു, തോപ്പിൽ തൊമ്മൻ ഔസേപ്പു, ബ. മുണ്ടാട്ടുചുണ്ടയിൽ മാണി ക. കോയിക്കൽ ഉലഹന്നൻ വക്കി, പറപ്പള്ളിൽ പോത്തൻ, മിഖേൽ പറമ്പിൽ ജെ. ബി. മിരാൻറ, കട്ടക്കയത്തിൽ തൊമ്മൻ, രാമപുരത്തു തൊമ്മൻ വക്കി, ആക്കക്കുന്നേൽ മത്തായി, എള്ളങ്കിൽ ചാണ്ടി തൊമ്മി, വൈപ്പനയിൽ ചെറിയു മത്തായി, ചീരകത്തു ചാക്കൊ കറിയാ, മങ്ങലത്തിൽ മത്തായി, ചീരകത്തു അവിരാ ചാക്കൊ ബ. കോലടിയിൽ വക്കിക. പുല്ലാനപ്പള്ളിൽ മാത്തൻ ലൂക്കാ, കോലടിയിൽ ചെറിയു, ചാവേലിയെൽ ചാണ്ടി കുടിയിരിപ്പിൽ ചെറിയു, കണയൽപ്പുക്കൽ ഔസെപ്പു, വരിക്കൽ തേക്കേതിൽ തൊമ്മൻ, കോലടിയിൽ പോത്തൻ, കാരാമയിൽ ചാക്കൊ, ബ. വടക്കയിൽ യൌസെപ്പു ക, വാഴയിൽ കുരുവിള ഉമ്മിനി, ബ. വെള്ളരിങ്ങാട്ടയാക്കൊ ക. തറപ്പേൽ കോര, ബ. കണ്ടത്തിൽ യൌസപ്പു ക ബ ഉരുത്തിക്കര ഗീവറുഗീസു ക. ബ. മച്ചുനിക്കൽ ദേവസ്യാ ക. വെളെക്കാട്ടു ലൂക്കാ ചാക്കൊ, വടക്കയിൽ വക്കി ശവയ്രാരു, പാലാന്തട്ടിൽ ദേവസ്യാ തൊമ്മൻ, ബ. കഴിമ്പിൽ യൌസേപ്പച്ചൻ, കഴിവെലി തൊമ്മൻ, തയ്യിൽ ഇട്ടി കൊച്ചിട്ടി, തെങ്ങുംതോട്ടത്തിൽ വക്കി കിഴക്കെക്കര ഈപ്പൻ, ചൊള്ളനാനിക്കൽ ഉലഹന്നൻ, പെ. ബ. മുത്തോലി പ്രിയൊരച്ചൻ, തലക്കളത്തിൽ മത്തായി, കൊച്ചുപുരയിൽ വക്കി, നാകനോലിൽ കുന്നുംപുറത്തു ഉലഹന്നൻ, വെട്ടിക്കാട്ടുകുന്നേൽ പാപ്പി, നാകനോലിൽ കൊയിപ്പുറത്തു മത്തായി, കൊയിപ്പുറത്തു യൌസെപ്പു, ഞാറുകാലാക്കുന്നേൽ ഇട്ടപ്പു, പുരിയാത്തു വക്കി, കോക്കപ്പുറത്തു പൊത്തൻ, പ്ലാക്കാട്ടു കോര, വയലിൽ കൊച്ചുകുഞ്ഞു, ഉള്ളാട്ട ഇട്ടിയൌസെപ്പു ബ. കോട്ടൂർ തൊമ്മാ ക. ബ. മരുത്തൂർ മത്തായി ക. കുന്നപ്പള്ളിയേൽ ഇട്ടിയവിരാ തൊമ്മൻ, മാപ്പിലകയിൽ പോത്തൻ ഔസെപ്പു, മാപ്പിലകയിൽ പോത്തൻ തൊമ്മൻ.

(തുടരും)

REGISTERED M. 365

പഞ്ചാംഗം.

എൻമെ ഒക്ടോബർ — ന്റെ കന്നി — തുലാം.

ഇംഗ്ലീഷ്		മലയാളം		
മാസം	തീയ്യതി	തീയ്യതി	നക്ഷത്രം	വിശേഷ ദിവസങ്ങൾ
	൧	൧൫	വ്യാ	ശ്രീ. അ. മെൻ. റെമീജി ന.ആ.കൃ.പെ.വെ. 2
	൨	൧൬	വെ	ന. കൃ. ആ. പ. ... 2
	൩	൧൭	ശ	ന. കൃ. ആ. പ. ... 2
കന്നി	൪	൧൮	ഞാ	✠പന്തക്കുസ്സു. ൧൮ാംഞാ.ന. കൃ. ആ. പ. (൧) 2
	൫	൧൯	തി	ശ്രീ. വേ. പ്ലാസി. ക്രൂട്ട. ന. ആ. കൃ. പെ. ചൃ. 2
൦	൬	൨൦	ചൊ	ശ്രീ. മെൻ. പ്രംസി അസീസി.ന. കൃ. പെ. വെ. 2
	൭	൨൧	ബു	പാ. മെൻ. മക്കൊസു ന. ആ. കൃ. പെ. വെ. 2
	൮	൨൨	വ്യാ	ന. കൃ. ആ. പ. 2
	൯	൨൩	വെ	ശ്രീ. വേ. ട്രൈനീ. ക്രൂട്ട. ന. ആ. കൃ. പെ. ചൃ. 2
	൧൦	൨൪	ശ	ന. കൃ. ആ. പ. 2
	൧൧	൨൫	ഞാ	✠പന്തക്കു: ൧൯ാംഞാ.ന.കൃ.ആ.പ.. (൦) 2
	൧൨	൨൬	തി	ന. കൃ. ആ. പ. ... 2
	൧൩	൨൭	ചൊ	ന. കൃ. ആ. പ. 2
	൧൪	൨൮	ബു	ശ്രീ. പാ. വേ. കല്ലീസ്റ്റോസു. ന. ആ. കൃ. പ. ചൃ. 2
	൧൫	൨൯	വ്യാ	ശ്രീ. ക. ത്രേസ്യ. ന. ആ. കൃ. പെ. വെ. 2
	൧൬	൩൦	വെ	ന. കൃ. ആ. പ. 2
	൧൭	൧	ശ	ന. കൃ. ആ. പ. ... 2
	൧൮	൨	ഞാ	✠പന്തക്കുസ്സു. ൨൦ാംഞാ. ന. കൃ. ആ. പ. (൧) 2
	൧൯	൩	തി	ശ്രീ. സ. ലൂക്കാ ന. കൃ. പെ. ചൃ. (ഇന്നലെ) 2
തുലാം ൭	൨൦	൪	ചൊ	ന. കൃ. ആ. പ. 2
	൨൧	൫	ബു	ശ്രീ. മെൻ. ഹിലാ.അബ. ന. ആ. കൃ. പെ. വെ. 2
	൨൨	൬	വ്യാ	ന. കൃ. ആ. പ. 2
	൨൩	൭	വെ	ന. കൃ. ആ. പ. 2
	൨൪	൮	ശ	ന. കൃ. ആ. പെ. 2
	൨൫	൯	ഞാ	✠പന്ത. ൨൧ാംഞാ. ന. കൃ. ആ. പ. (2) 2
	൨൬	൧൦	തി	ശ്രീ. പാ. വേ. എവരീ. ന. ആ. കൃ. പെ. ചൃ. 2
	൨൭	൧൧	ചൊ	ശ്രീ. ശെമൊ. യ്യുദാശ്ലീ. തലെ. ന കൃ റൊ. (*) 2
	൨൮	൧൨	ബു	✠ശ്രീ. ശെമൊ. യ്യുദാശ്ലീ. ന. കൃ. പെ. ചൃ. 2
	൨൯	൧൩	വ്യാ	ശ്രീ. വേ. ക്രിസാ. ദരിയൊ ന. ആ. കൃ. പെ. ചൃ. 2
	൩൦	൧൪	വെ	ന. കൃ. ആ ഗ്ലയുടെ പ. ... 2
	൩൧	൧൫	ശ	സകല ശ്രീ. തെ ി. ന. ആ. കൃ. തലെ. റൊ 2

✠ ൦രം അടയാളം എല്ലാവക്കും കടമുള്ള ദിവസം (✠) കടം നീക്കപ്പെട്ടദിവസം * ൦രം അടയാളം ഇറച്ചിവിലക്കുള്ള ദിവസങ്ങൾ.